## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1219** **11.06.2019 ൽ മറുപടിക്ക്**

## പേങ്ങാട്ട്കടവ് പാലം അപ്രോച്ച് റോഡിന്റെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | തിരുവാഭരണപാതയിലെ പേങ്ങാട്ട്കടവ് പാലം അപ്രോച്ച് റോഡിന്റെ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടം വരെയായി; എത്ര സെന്റ് വസ്തുവാണ് അപ്രോച്ച് റോഡിനായി ഏറ്റെടുക്കേണ്ടത് എന്ന് വെളിപ്പെടുത്താമോ; | (എ) | പേങ്ങോട്ടു കടവ് പാലം അപ്രോച്ച് റോഡിന്റെ വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനായി 39,64,163/- രൂപയുടെ ഭരണാനുമതി G.O(Rt)No.1841/2018/PWD dated 27.11.2018 പ്രകാരം നൽകിയിട്ടുണ്ട്. പ്രാരംഭ ഘട്ടത്തിൽ തഹസീൽദാരുടെ പേരിൽ അടയ്ക്കേണ്ട കണ്ടിജൻസി ചാർജ്ജ് തുകയായ 1,88,770/- രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | ഏറ്റെടുക്കേണ്ട ഭൂമിയുടെ സർവ്വേ നമ്പരും അളവും ഉടമകളുടെ പേരും ലഭ്യമാക്കാമോ; | (ബി) | (താഴെ പട്ടിക) |

| സർവ്വേ നം. | ഏകദേശ വിസ്തീർണ്ണം | വസ്തു ഉടമസ്ഥന്റെ പേര് |
|---|---|---|
| 83/11 | 1.61 | ശ്രീ.റോയലിൻ ജോസഫ് |
| 84/01 | 0.43 | ശ്രീമതി. ചിന്നമ്മ |
| 84/03 | 0.11 | ശ്രീമതി. മറിയാമ്മ ജോൺ |
| 84/04 | 0.183 | ശ്രീ. ഷാജി ഈശോ |
| 293/3 | 2.99 | ശ്രീ. എബ്രഹാം വർഗ്ഗീസ് |
| 312/5 | 0.752 | ശ്രീ. ഷിബു ജോസഫ് |
| | | |

| | | | |
|---|---|---|---|
| സി) | ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ? | (സി) | ഭൂമി ഏറ്റെടുക്കുന്നതിന്റെ ആദ്യ പടിയായി കണ്ടിജൻസി ചാർജ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കണ്ടിജൻസി ചാർജ് അനുവദിച്ച ശേഷം റവന്യൂ വകുപ്പിൽ നിന്നും സാമൂഹികാഘാത പഠനം നടത്തുകയും, ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച് നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുകയും തുടർന്ന് സ്ഥലം ഉടമകളുടെ രേഖകൾ പരിശോധിച്ച് വാല്യുവേഷൻ നടത്തുകയും ചെയ്യേണ്ടതുണ്ട്. വാല്യുവേഷൻ പ്രകാരമുള്ള തുക നൽകിയതിനുശേഷം മാത്രമേ ഭൂമി ഏറ്റെടുക്കാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**